19-10-2014-ൽ	59.72 രൂപ
30-10-2014-ൽ	60.33 രൂപ
1-11-2014-ൽ	57.96 രൂപ
19-11-2014-ൽ	58.45 രൂപ
1-12-2014-ൽ	57.33 രൂപ

(ഡി) പെട്രോൾ/ഡീസൽ വില വർദ്ധനവിന് പുറമേ, സ്പെയർപാർട്സ്, ടയർ, ലൂബ്രിക്കന്റ്സ് എന്നിവയുടെ വില, തൊഴിലാളികളുടെ വേതനം തുടങ്ങി സ്റ്റേജ് കാര്യേജുകളുടെ പ്രവർത്തനച്ചെലവിലുണ്ടാകുന്ന വർദ്ധനവ്, വിദ്യാർത്ഥികൾ, അംഗപരിമിതമായ ആളുകൾ തുടങ്ങിയ വിഭാഗങ്ങൾക്ക് സൗജന്യ യാത്ര അനുവദിക്കുന്നത് മൂലമുണ്ടാകുന്ന നഷ്ടം, ഇൻഷ്വറൻസ് പ്രീമിയം വർദ്ധനവ്, എന്നിങ്ങനെ സ്റ്റേജ് കാര്യേജ് ഓപ്പറേറ്റ ചെയ്യുന്നതിലെ എല്ലാ ഘടകങ്ങളും കണക്കിലെടുത്ത ശേഷമാണ് ബസ് ചാർജ്ജ് വർദ്ധിപ്പിക്കുന്നതിന് തീരുമാനമെടുക്കുന്നത്. ഇക്കാര്യത്തിൽ ജസ്റ്റിസ് രാമചന്ദ്രൻ കമ്മിറ്റിയുടെ അഭിപ്രായം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) ഇപ്പോൾ പരിഗണനയിൽ ഇല്ല.

എടത്വ ഡിപ്പോയിൽ ഷെഡ്യൂളുകൾ വെട്ടിക്കുറയ്ക്കൽ

325 (2200) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്പെയർ പാർട്സുകൾ ലഭിക്കാതെ എടത്വാ ഡിപ്പോയിൽനിന്നും ഷെഡ്യൂളുകൾ വെട്ടിക്കുറയ്ക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കുട്ടനാട്ടിലേക്കുള്ള ഏതെല്ലാം ഷെഡ്യൂളുകളാണ് ഈ വർഷം നാളിതുവരെ റദ്ദ് ചെയ്തതെന്ന് വിശദമാക്കിയ റിപ്പോർട്ട് ലഭ്യമാക്കുമോ ?

ഉത്തരം

(എ) 2-12-2014-ലെ കണക്കനുസരിച്ച് 5 ബസ്സുകൾ വിവിധ പണികൾക്കായി ഗാരേജിൽ പിടിച്ചിട്ടുണ്ടായിരുന്നു. സാമ്പത്തിക പ്രതിസന്ധിമൂലം യഥാസമയം പണം കൊടുത്തു തീർക്കാത്തതിനാൽ സ്പെയർ പാർട്സ് ലഭ്യമാക്കുന്നതിൽ ചെറിയ ബുദ്ധിമുട്ട് നേരിടുന്നുണ്ട്. ഇവ പരിഹരിച്ച് സ്പെയർ പാർട്സ് യഥാസമയം ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിച്ചു വരുന്നു. എത്രയും പെട്ടെന്ന് സ്പെയർ പാർട്സ് ക്ഷാമം പരിഹരിച്ച് വാഹനങ്ങളുടെ ഓഫ്-റോഡ് അനുവദനീയമായ പരിധിക്കുള്ളിൽ നിലനിർത്തുന്നതാണ്.

(ബി) കുട്ടനാട്ടിലേക്കുള്ള 05.00 മണി മുട്ടാർ-ആലപ്പുഴ, 6.50 മണി തായങ്കരി-ആലപ്പുഴ, 7.00 മണി കളങ്ങര-ആലപ്പുഴ എന്നീ മൂന്ന് സർവ്വീസുകൾ വരുമാനക്കുറവും ബസ്സിന്റെ കുറവും കാരണം താൽക്കാലികമായി റദ്ദ് ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly